**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3098 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ സംസ്കരണം ഏകോപിപ്പിക്കുന്നതിന് ശുചിത്വപരിപാലന സമിതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി.എസ്.ശിവകുമാർ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള വീടുകളിലെ മാലിന്യ സംസ്കരണം ഏകോപിപ്പിക്കുന്നതിന് ശുചിത്വപരിപാലന സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നതിനു ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളായ കിച്ചൺബിൻ, ബയോഗ്യാസ് പ്ലാന്റ് മുഖേന ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വീടുകളിലെ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് നഗരസഭയുടെ RRC-കളിലോ, MRF വഴിയോ Re-cycle ചെയ്ത് സംസ്കരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും അംഗീകൃത സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് വാർഡുകളിൽ സേവനം നൽകുന്നതിനായുള്ള ചുമതലയും നിർവ്വഹിക്കുന്നതിനാണ് ശുചിത്വ പരിപാലന സമിതിക്ക് രൂപം നൽകിയിട്ടുള്ളത്. |
| (ബി) | തലസ്ഥാനത്ത് വിവിധതരം പനി പിടിപ്പെട്ട് നിരവധി ആളുകൾ മരണപ്പെട്ടത് തിരുവനന്തപുരം കോർപ്പറേഷൻ മഴക്കാല പൂർവ്വ ശുചീകരണത്തിൽ വീഴ്ച വരുത്തിയതു കൊണ്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. മഴക്കാല പൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ മാർച്ച് മാസം മുതൽ തന്നെ ആരംഭിക്കുകയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ 300 ഓളം തൊഴിലാളികളെ നിയോഗിക്കുകയും, വാർഡ് ഒന്നിന് 1 ലക്ഷം രൂപ വീതം ആകെ 100 വാർഡുകൾക്ക് 1 കോടി രൂപ അനുവദിക്കുകയും മഴക്കാല പൂർവ്വ ശുചീകരണത്തിനായി 35000/- രൂപ വീതം വാർഡ് ഒന്നിന് ആകെ 100 വാർഡുകൾക്ക് 35 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. കൊതുക നിവാരണത്തിന് ഫോഗ്ഗിങ്ങ് അടക്കമുള്ള ഒട്ടേറെ നടപടികൾ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ